I/69678/2022

DWCD/1048/2022-ICDSB3

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :02-12-2022
Email -swdkerala@gmail.com
Phone : 0471 – 2346508

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ്-ഐ.സി.ഡി.എസ്- **"കുട്ടികുരുന്നുകൾക്ക് ഇരട്ടിക്കരുത്ത്"**- **പോഷകബാല്യം**-പദ്ധതി ടെൻഡർ/ ക്വട്ടേഷനുകളുടെ കാലാവധി സംബന്ധിച്ച്:-

സൂചന: 1. 01.12.2022 ന് ഇ-മെയിലായി ലഭിച്ച മിൽമ മാനേജിംഗ് ഡയറക്ടറുടെ 24.11.2022 ലെ KCMMF/Ho.MMG/14/2022 നമ്പർ കത്ത്

2.ഈ കാര്യാലയത്തിലെ 20.05.2022 ലെ DWCD/1047/2022-ICDS-B3 നമ്പർ സർക്കുലർ.

3.ഈ കാര്യാലയത്തിലെ 20.05.2022 ലെ ഇതേ നമ്പർ സർക്കുലർ.

4. ഈ കാര്യാലയത്തിലെ 27.10.2022 ലെ ഇതേ നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പോഷക ബാല്യം പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ പാൽ, മുട്ട വിതരണം ചെയ്യുന്നതിനായി സൂചന (2), (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ, പാൽ മുട്ട വിതരണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള ടെൻഡർ/ക്വട്ടേഷനുകളുടെ കാലാവധി 2022 നവംബർ വരെ ദീർഘിപ്പിക്കുന്നതിന് സൂചന (4) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

സൂചന(1) ലെ കത്ത് പ്രകാരം മിൽമ, പാലിന്റെ വില 01.12.2022 തീയതി പ്രാബല്യത്തിൽ 46/- രൂപയിൽ നിന്നും 52/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ,അങ്കണവാടി പാൽ വിതരണത്തിന് ട്രാൻസ്പോർട്ടേഷൻ ഉൾപ്പെടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള 50/- രൂപയിൽ 6/-രൂപ വർദ്ധിപ്പിച്ച് **56/- രൂപ**യായി പുതുക്കിയതായി അറിയിക്കുന്നു. മുട്ടവിലയിൽ നിലവിൽ മാറ്റം വരുത്തിയിട്ടില്ല. മുട്ടയുടെയും, പുതുക്കിയ നിരക്കിൽ പാലിന്റെയും ടെൻഡർ/ക്വട്ടേഷൻ കാലാവധി **ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ** ദീർഘിപ്പിക്കുന്നു.

പുതിയ ടെൻഡർ/ക്വട്ടേഷൻ വിളിക്കേണ്ട ആവശ്യമുള്ള പക്ഷം ആയതിലേക്കും നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ടെൻഡർ/ ക്വട്ടേഷൻ നടപടികൾ പൂർത്തീകരിക്കുന്നതുവരെ വിതരണത്തിന് തടസം നേരിടാതിരിക്കാൻ പുതുക്കിയ നിരക്കിൽ പാൽ വിതരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും,

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും,

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.

പകർപ്പ്: എല്ലാ സൂപ്പർവൈസർമാർക്കും

**Signed by Priyanka G**
**Date: 02-12-2022 12:30:48**